(ബി) പ്രകൃതിക്ഷോഭംമൂലമുണ്ടാകുന്ന കൃഷിനാശത്തിന് റവന്യൂ വകുപ്പിന്റെ കീഴിലുള്ള സ്റ്റേറ്റ് ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ടിൽ (SDRF) നിന്നാണ് ധനസഹായം നൽകുന്നത്. കൃഷിനാശം സംഭവിച്ച 161 കർഷകരുടെ 13,91,275 രൂപയുടെ ക്ലെയിം ലഭിച്ചുവെങ്കിലും ആവശ്യമായ ഫണ്ട് ജില്ലാ കളക്ടറിൽനിന്നും ലഭ്യമാകാത്തതിനാലാണ് കർഷകർക്ക് ധനസഹായം ലഭ്യമാക്കാൻ കഴിയാതിരുന്നത്.

(സി) ജില്ലാ കളക്ടറിൽനിന്നും ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് കർഷകർക്ക് ധനസഹായം ലഭ്യമാക്കുന്നതാണ്.

നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം നിലം നികത്തുന്നതിനെതിരെ നടപടി

170 (3144) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യത്തിന് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

31-5-2014-ൽ കൃഷി വകുപ്പ് സെക്രട്ടറി നൽകിയിരിക്കുന്ന നിർദ്ദേശപ്രകാരം നിലം നികത്തുന്നത് ശ്രദ്ധയിൽപ്പെട്ടാൽ 2008-ലെ നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം ആയത് ജില്ലാ കളക്ടറെ അറിയിക്കേണ്ടത് ബന്ധപ്പെട്ട കൃഷി ഓഫീസറാണെന്നും അപ്രകാരം ചെയ്യാതിരുന്നാൽ കൃഷി വകുപ്പിലെ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമെന്നുമുള്ള നിർദ്ദേശം പാലിക്കാതിരുന്നതിന്റെ പേരിൽ ആലപ്പുഴ ജില്ലയിൽ എത്ര കൃഷി ഓഫീസർമാർക്കെതിരെ നടപടി സ്വീകരിച്ചു എന്ന വ്യക്തമാക്കുമോ ?

ഉത്തരം

ആലപ്പുഴ ജില്ലയിൽ ചെങ്ങന്നൂർ കൃഷി ഫീൽഡ് ഓഫീസറുടെ പേരിൽ നടപടി സ്വീകരിച്ചു

മട്ടുപ്പാവ് കൃഷി

171 (3145) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യത്തിന് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ മട്ടുപ്പാവ് കൃഷിക്കായി മാത്രം കൃഷി ഓഫീസർമാരുടെ സേവനം ലഭ്യമാക്കുമോ ; ഇല്ലെങ്കിൽ വിശദാംശങ്ങൾ നൽകുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ മട്ടുപ്പാവ് കൃഷിക്ക് മാത്രമായി കൃഷി ഓഫീസർമാരെ ഇതുവരെ നിയോഗിച്ചിട്ടില്ല. തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന കൃഷി ഭവനിലെ കൃഷി ഓഫീസർമാർ കൃഷി വകുപ്പ് നടപ്പിലാക്കുന്ന സമഗ്ര പച്ചക്കറി വികസന പദ്ധതിയുടെ ഒരു ഘടകമായ മട്ടുപ്പാവ് കൃഷി വിജയകരമായി നടപ്പിലാക്കുന്നതിന് ഇപ്പോൾ പ്രവർത്തിച്ചു വരുന്നുണ്ട്. മട്ടുപ്പാവ് കൃഷി നടത്തുന്നതിനുള്ള അപേക്ഷകൾ, ഗുണഭോക്തൃ വിഹിതം എന്നിവ സ്വീകരിക്കുകയും അവ യഥാസമയം വിതരണ ഏജൻസികൾക്ക് നൽകുകയും വിതരണ ഏജൻസികൾ തയ്യാറാക്കി നൽകുന്ന ഗ്രോബാഗുകൾ കർഷകർക്ക് വിതരണം ചെയ്യുകയും ചെയ്യുന്നു. കർഷകർക്ക് ആവശ്യമായ പരിശീലന പരിപാടികളും കൃഷി സംബന്ധിച്ച നിർദ്ദേശങ്ങളും അവർ നൽകുന്നുണ്ട്. മുൻ വർഷങ്ങളിൽ മട്ടുപ്പാവ് കൃഷിക്കായി നൽകിയ ഗ്രോബാഗുകൾ പുനരുജ്ജീവിപ്പിക്കുന്നതിന് ആവശ്യമായ പച്ചക്കറി തൈകൾ, ജൈവ വളങ്ങൾ, ജീവാണു വളങ്ങൾ, ജൈവ കീടനാശിനികൾ എന്നിവ നൽകിവരുന്നു.

പച്ചത്തേങ്ങാ സംഭരണം

172 (3147) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഈ സർക്കാർ അധികാരമേറ്റശേഷം പച്ചത്തേങ്ങാ സംഭരണം വഴി നാളിതുവരെ എത്രമാത്രം നാളികേരം സംഭരിച്ചുവെന്ന് വ്യക്തമാക്കാമോ ;

(ബി) ഇതിന്റെ ജില്ലകൾ തിരിച്ചുള്ള വാർഷിക കണക്ക് ലഭ്യമാക്കാമോ?

ഉത്തരം

(എ) 1-1-2013 മുതൽ ആരംഭിച്ച പച്ചത്തേങ്ങ സംഭരണ പദ്ധതി പ്രകാരം 13-3-2015 വരെ 481850 ക്വിന്റൽ നാളികേരം സംഭരിച്ചിട്ടുള്ളതായി കേരഫെഡ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) പച്ചത്തേങ്ങ സംഭരിച്ചതിന്റെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly